കെ. എസ്. ആർ. ടി. സി. യിലെ മിന്നൽ പണിമുടക്കുകൾ

*273 [289] ശ്രീ. വി. ജെ. ജോസഫ്:
ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ:
ശ്രീ. ഡോ. ജോർജ് മാത്യു:
ശ്രീ. ലോനപ്പൻ നമ്പാടൻ:
ശ്രീ. കെ. വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ 1978ൽ എത്ര മിന്നൽ പണിമുടക്കുകൾ ഉണ്ടായി എന്നു വ്യക്തമാക്കാമോ;

(ബി) ഇങ്ങിനെ പണിമുടക്കു നടത്തിയവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1978ൽ കെ. എസ്. ആർ. ടി. സി. യിൽ പതിനാറു മിന്നൽ പണിമുടക്കുകൾ ഉണ്ടായി.

(ബി) പണി മുടക്കിയ തൊഴിലാളികളുടെ പണി മുടക്കിയ ദിവസത്തെ/സമയത്തെ ശമ്പളം നൽകിയിട്ടില്ല. മിന്നൽ പണിമുടക്കിന് നേതൃത്വം നൽകിയവർക്കെതിരെ ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മദ്യനിരോധന നടപടികൾ

*274 [290] ശ്രീ. പി. ബി. ആർ. പിള്ള:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനത്തിന്റെ ഭാഗമായി സർക്കാർ മദ്യഷാപ്പുകളുടെ പരസ്യം നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിച്ച നടപടികളെന്തെല്ലാം;

(സി) വിദ്യാലയങ്ങൾ, ആരാധനാസ്ഥലങ്ങൾ, സർക്കാർ ആഫീസുകൾ ഇവയുടെ പരിസരങ്ങളിൽ മദ്യഷാപ്പുകൾ നടത്തുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. നാരായണക്കുറുപ്പ്):

(എ, ബി) മദ്യങ്ങളുടെ പരസ്യം നിരോധിച്ചുകൊണ്ട് നിയമസഭ പാസാക്കിയ മദ്യ നിരോധന (ഭേദഗതി) ബിൽ 1978 മാർച്ചു മാസത്തിൽ തന്നെ നിയമമാക്കിയിട്ടുണ്ട്.

(സി) ഇല്ല. വിദ്യാലയങ്ങളുടേയും ആരാധനാസ്ഥലങ്ങളുടേയും ശ്മശാനങ്ങളുടേയും 400 മീറ്റർ പരിധിക്കുള്ളിൽ മദ്യഷാപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലെന്നു നിയമമുണ്ട്. പക്ഷേ സർക്കാരാഫീസുകളുടെ പരിസരങ്ങളിൽ മദ്യഷാപ്പുകൾ നിരോധിച്ചുകൊണ്ടുള്ള നിയമമില്ല.

LIBRARY ARCHIVES Kerala Legislative Assembly